**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4419** **28-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും വിശദമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂർ സബ് രജിസ്ട്രാർ ഓഫീസിന് കിഫ്ബി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പൂർത്തിയായി. പ്ലംബിംഗ് വർക്ക്, ജനൽ പാളികൾ ഘടിപ്പിക്കൽ, കോണിപ്പടി ടൈൽസ് പാകുന്ന ജോലികൾ, പെയിന്റിംഗ്, റൂഫിന്റെ ട്രെസ്സ് വർക്ക് മുതലായവ നടന്നു വരുന്നു. വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് 1992 മുതൽ സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ ഓഫീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല |
| (ബി) | മണ്ഡലത്തിലെ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ് റൂം ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ചും വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ മോഡേൺ റിക്കാർഡ് റൂം ആരംഭിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ